"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉപഭോക്തൃകാര്യ വകുപ്പ് - കോഡുകൾ, മാന്വലുകൾ, ചട്ടങ്ങൾ, ഫാറങ്ങൾ തുടങ്ങിയവ മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തുന്നത് - പരിഭാഷാസെല്ലിന്റെ പ്രവർത്തനം വിലയിരുത്തുന്നതിനായി നോഡൽ ഓഫീസറെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉപഭോക്തൃകാര്യവകുപ്പ്**

സ.ഉ.(സാധാ) നം.46/2024/CAD തീയതി,തിരുവനന്തപുരം, 22-11-2024

---

പരാമർശം:- ഉദ്യോഗസ്ഥഭരണപരിഷ്കാര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ 23-09-2024ന് നടന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്.

**ഉത്തരവ്**

കോഡുകൾ, മാന്വലുകൾ, ചട്ടങ്ങൾ, ഫാറങ്ങൾ തുടങ്ങിയവ മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിക്കുന്നതിന് എല്ലാ വകുപ്പുകളിലും പരിഭാഷാസെൽ രൂപീകരിക്കുന്നതിനും, വകുപ്പുകളിലെ പരിഭാഷാസെല്ലിന്റെ പ്രവർത്തനം വിലയിരുത്തുന്നതിനായി സെക്രട്ടേറിയറ്റിലെ ഓരോ ഭരണവകുപ്പിലും ഒരു നോഡൽ ഓഫീസറെ നിയമിക്കണമെന്നും പരാമർശ പ്രകാരം നടന്ന യോഗത്തിൽ തീരുമാനമെടുക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഉപഭോക്തൃകാര്യ വകുപ്പിന്റെ കീഴിൽ വരുന്ന വകുപ്പുകളിലെ പരിഭാഷാസെല്ലിന്റെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും, വിലയിരുത്തുന്നതിനായി ഉപഭോക്തൃകാര്യ വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറിയെ നോഡൽ ഓഫീസറായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എസ് പ്രവീൺ
അഡിഷണൽ സെക്രട്ടറി

ഡെപ്യൂട്ടി സെക്രട്ടറി, ഉപഭോക്തൃകാര്യ വകുപ്പ്.
കമ്മീഷണർ, പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ്, തിരുവനന്തപുരം.
കൺട്രോളർ, ലീഗൽ മെട്രോളജി വകുപ്പ്, തിരുവനന്തപുരം.
ഉദ്യോഗസ്ഥഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ്.
വെബ്ബ് & ന്യൂമീഡിയ വിംഗ്, ഐ&പി.ആർ.ഡി.
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ